**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1507</u>** **<u>03-02-2026 - ൽ മറുപടിയ്ക്ക്</u>**

**<u>കോട്ടയം മണ്ഡലത്തിൽ തൊഴിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കോട്ടയം മണ്ഡലത്തിൽ തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും അവയിൽ പൂർത്തിയായത് ഏതൊക്കെയെന്നും പൂർത്തിയാകാനുള്ളവ ഏതൊക്കെയെന്നും പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതിയും അറിയിക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കോട്ടയം മണ്ഡലത്തിനായി പ്രത്യേകമായി നടപ്പിലാക്കുന്ന പദ്ധതികൾ തൊഴിൽ വകുപ്പിൽ നിലവിലില്ല. സംസ്ഥാനമാകെ ബാധകമായ പൊതുസ്വഭാവത്തിലുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളും അർഹതാ മാനദണ്ഡങ്ങളും അനുസരിച്ച് ഈ പദ്ധതികൾ പ്രസ്തുത മണ്ഡലത്തിലും ബാധകമാണ്.<br><br>സംസ്ഥാനതലത്തിൽ, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള ധനസഹായം, അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ, ഇതര സംസ്ഥാന/അതിഥി തൊഴിലാളികൾക്കുള്ള ബോധവത്കരണവും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളും, നൈപുണ്യ വികസനം, പരിശീലനം, സ്വയംതൊഴിൽ, തൊഴിൽ മാർഗ്ഗനിർദ്ദേശം എന്നിവയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ